# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2388 — 23-01-2014 ലെ മറുപടിയ്ക്ക്

## ഭാഗ്യക്കുറി വകുപ്പിൽ അധിക തസ്തികകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഓരോ ഭാഗ്യക്കുറിക്കും വേണ്ടി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം എത്രയാണെന്ന് പറയാമോ; | എ) | നിലവിൽ 2014 ഫെബ്രുവരി മാസംവരെ താഴെ പറയുന്ന കണക്കിലാണ് കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്നത്.<br>പൗർണ്ണമി, വിൻ-വിൻ, ഭാഗ്യനിധി, അക്ഷയ — 5 സീരീസിലായി 45 ലക്ഷം ടിക്കറ്റുകൾ വീതം.<br>പ്രതീക്ഷ, ധനശ്രീ, കാരുണ്യ — 5 സീരീസിലായി 27.5 ലക്ഷം ടിക്കറ്റുകൾ വീതം<br>ബമ്പർ : 30 - 50 ലക്ഷം വരെ ടിക്കറ്റുകൾ. |
| ബി) ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് വില്പനയ്ക്ക് ലഭിക്കാത്തതിനാൽ ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് വില്പനയ്ക്ക് ലഭ്യമാക്കുന്നതിനായി 2014 മാർച്ച് മാസം മുതൽ പുതുക്കിയ സമ്മാനഘടനയോടെ പൗർണ്ണമി, വിൻ-വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ 7 പരമ്പരകളിലായി 52.5 ലക്ഷം ടിക്കറ്റുകൾ വരെ ഓരോ നറുക്കെടുപ്പിനും അച്ചടിച്ച് വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | അന്യ സംസ്ഥാന ലോട്ടറികൾ നിരോധിച്ചതിന് ശേഷം ജില്ലാ ലോട്ടറി ഓഫീസുകൾ വഴിയുള്ള ടിക്കറ്റ് വില്പനയും സമ്മാന വിതരണ മുൾപ്പെടെയുള്ള ഇടപാടുകൾ വർദ്ധിച്ചതുകാരണം അധികരിച്ച ജോലിഭാരത്തിനനുസരണമായി ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | സി) & ഡി) | ജോലിഭാരത്തിനനുസരിച്ച് ആവശ്യമെങ്കിൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) | സ്ഥിരം ജീവനക്കാരുടെ കുറവുകാരണം ഏജന്റുമാർക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ കൂടുതൽ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ? | | |

സെക്ഷൻ ഓഫീസർ